കണക്ഷൻ കൊടുക്കുന്നില്ല. ഈ രണ്ട് ലിഫ്റ്റ് ഇറിഗേഷൻ പണികൾ പൂർത്തീകരിക്കുകയും പ്രവർത്തിക്കാത്ത മോട്ടോറുകൾ അടിയന്തിരമായി പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ, മാള നിയോജകമണ്ഡലത്തിലെ അഷ്ടമിച്ചിറ, പുത്തൻ ചിറ എന്നീ രണ്ട് ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളെ യോജിപ്പിക്കുന്നതിന് ചെംപാളൂരിലുള്ള ഒരു പമ്പുഹൗസ് പുതുക്കി പണിയുന്നതിനാവശ്യമായ സ്ഥലം ഇതുവരെ ലഭിച്ചിട്ടില്ല. സ്ഥലം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ അഷ്ടമിച്ചിറ ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന് ആവശ്യമായ 700 മില്ലീ മീറ്റർ വ്യാസമുള്ള പ്രീമോ പൈപ്പുകൾക്കു പകരം പി.വി.സി. പൈപ്പുകൾ സ്ഥാപിക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾ സൂക്ഷ്മ പരിശോധനയിലാണ്. പമ്പ്, മോട്ടോറുകൾ ഇവയുടെ രൂപകൽപ്പന അംഗീകരിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. പുത്തൻചിറ ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ പുതുക്കിയ എസ്റ്റിമേറ്റിന് വിശദമായ പഠനത്തിനുശേഷം അനുമതി നൽകുന്നതാണ്. മാള-കോട്ടമുറി-കൊണ്ടഴിഞ്ഞാൽ ഇറിഗേഷൻ പദ്ധതിയുടെ പുതുക്കിയ എസ്റ്റിമേറ്റ് തൃശ്ശൂർ ചെറുകിട ജലസേചന വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ പരിശോധിച്ചുകൊണ്ടിരിക്കുന്നു. ഉഴവൂർ പഞ്ചായത്തിലെ ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ അറ്റകുറ്റപ്പണികൾ ഗ്രാമ പഞ്ചായത്തുവഴി ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. വഞ്ചിപുരത്താഴം, വട്ടക്കുളം, കൊമ്പുകടവ്, പത്താംതോട് എന്നീ പദ്ധതികളുടെ മോട്ടോറുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനാവശ്യമായ അനുമതി നൽകിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അത് ചെയ്തുതീർക്കുന്നതാണ്. ബാക്കി പണികൾ ജലസേചന വകുപ്പ് മുഖേനയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ മുഖേനയും ചെയ്തു തീർക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

(20) ടാർ ദൗർബല്യംമൂലം റോഡുകളുടെ സർഫസിംഗ് തടസ്സപ്പെട്ടിരിക്കുന്നത് സംബന്ധിച്ച്

ശ്രീ. ബി. വിജയകുമാർ : സർ, ടാർ ലഭ്യമാകാത്തതിന്റെ ഫലമായി സംസ്ഥാനത്ത് റോഡുകളുടെ റീസർഫസിംഗ് പൂർണ്ണമായും സ്തംഭിച്ചിരിക്കുകയാണ്. കൊച്ചിൻ റിഫൈനറിയിൽനിന്നാണ് ടാർ ലഭ്യമാകുന്നത്. മുൻപ് ബുക്ക് അഡ്ജസ്റ്റുമെന്റിൽ ടാർ കിട്ടുമായിരുന്നു. പിന്നീട് പേമെന്റ് കൊടുത്താലേ ടാർ ലഭ്യമാകൂവെന്നായി. ഇപ്പോൾ പണം മുൻകൂറായി അടച്ചിട്ടും പി. ഡബ്ല്യു. ഡി. ക്ക് കൊച്ചിൻ റിഫൈനറിയിൽനിന്നും ടാർ കിട്ടുന്നില്ല. ലക്ഷക്കണക്കിന് രൂപ കൊച്ചിൻ റിഫൈനറിയിൽ അടച്ചിട്ട് ഇപ്പോൾ ടാർ കിട്ടുന്നില്ല. അതേസമയം കൊച്ചിൻ റിഫൈനറിയിൽനിന്നും മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് ടാർ കൊടുക്കുകയും ചെയ്യുന്നു. അടുത്തകാലത്ത് കർണ്ണാടകയിലേയ്ക്ക് കൊടുത്തു. നമ്മുടെ സംസ്ഥാനത്തിലെ റോഡുകളുടെ പണി സ്തംഭിച്ചിരിക്കുന്നതിനാൽ അടിയന്തിരമായി കേന്ദ്ര പെട്രോളിയം

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിയുമായി ബന്ധപ്പെട്ട് പണമടച്ചാലുടൻ തന്നെ പി. ഡബ്ല്യൂ. ഡി. യ്ക്ക് ടാർ ലഭ്യമാക്കാനോ പഴയതുപോലെ ബുക്ക് അഡ്ജസ്റ്റുമെന്റിൽ ലഭ്യമാക്കാനോ ഉള്ള നടപടി സ്വീകരിക്കണം. ഇനി രണ്ടു മാസംകൂടിയേയുള്ളൂ. അതു കഴിഞ്ഞാൽ മഴക്കാലമായി. മഴക്കാലത്തിനുമുൻപ് ടാർ പണി പൂർത്തിയാക്കുന്നതിനുവേണ്ടി ഈ നടപടി അടിയന്തിരമയി സ്വീകരിക്കണം. റോഡിൽ ചല്ലി കിടന്ന് നഷ്ടപ്പെട്ടുപോകുന്നു. അടിയന്തിരമായി കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, വളരെ പ്രസക്തിയുള്ള ഒരു കാര്യമാണ് അദ്ദേഹം ഉന്നയിച്ചിരിക്കുന്നത്. ഇന്ത്യയിൽ മുഴുവൻ ഈ പ്രശ്നമുണ്ട്. ഇപ്പോൾ ഉപയോഗിക്കുന്ന ക്രൂഡിൽ വെയ്സ്റ്റ് വളരെ കുറവാണ്. സാധാരണ കിട്ടിക്കൊണ്ടിരുന്നതിന്റെ 1/4 ടാറേ കിട്ടുന്നുള്ളൂ. അതാണ് പ്രശ്നം. ഈ റിഫൈനറിയിൽ മാത്രമല്ല, എല്ലായിടത്തും ഈ പ്രശ്നമുണ്ട്. അടുത്തകാലത്തുതന്നെ പഴയരീതിയിൽ ഇത് പ്രൊഡക്ഷൻ നടത്തുമെന്ന് പറഞ്ഞിട്ടുണ്ട്. പക്ഷേ ഈ സീസണിൽ ഇതിന്റെ ഗുണം കിട്ടുമോയെന്ന് എനിക്ക് നിശ്ചയമില്ല. ഏതായാലും ഇവിടെനിന്ന് മാത്രമല്ല, മംഗലാപുരത്തുനിന്നൊക്കെ നമ്മൾ ടാർ വാങ്ങുന്നുണ്ട്. ഈ സീസണിൽ ഒരു ഗണ്യമായ കുറവ് വന്നിട്ടുണ്ട്. ഒരു മാസത്തിനുള്ളിൽത്തന്നെ പഴയരീതിയിൽ പ്രൊഡക്ഷൻ ആകുമെന്നാണ് അറിയിച്ചിരിക്കുന്നത്. ഇപ്പോഴുള്ള ടാർ ഇവിടെ നിന്ന് പുറത്തേയ്ക്ക് പോകുന്നില്ല. മാത്രമല്ല ഇന്നലെ പതിനായിരം ബാരൽ മറ്റ് സ്റ്റേറ്റിൽനിന്ന് കേരളത്തിലെത്തിയിട്ടുണ്ട്. പക്ഷേ അത് നമ്മുടെ ആവശ്യത്തിന് തികയുകയില്ല. പൈസ മിച്ചമുണ്ടെന്നുള്ളത് ശരിയല്ല. ഇപ്പോൾ ഞാൻ ധനകാര്യ മന്ത്രിയുമായി ഫണ്ടിന്റെ കാര്യത്തെക്കുറിച്ച് സംസാരിച്ച് കഴിഞ്ഞിട്ടേയുള്ളൂ. അടിയന്തിരമായി ടാർ വാങ്ങുന്നതിനുവേണ്ടി തുക അലോട്ടുചെയ്യുന്നതിനു വേണ്ടിയുള്ള നടപടി സ്വീകരിക്കും. മുൻപുള്ള ഒരു സ്ഥിതി ഇപ്പോഴില്ല. അതായത് ഡയറക്ടർ ജനറൽ ഓഫ് സപ്ലൈസ് ആന്റ് ഡിസ്പോസൽസ് വഴിയാണ് ടാർ നൽകിയിരുന്നത്. 1997 മുതൽ അത് നിർത്തലാക്കി. അത് ഇപ്പോൾ പി.ഡബ്ല്യൂ.ഡി. ബഡ്ജറ്റിന്റെ പുറത്തുനിന്നാണ് കിട്ടിക്കൊണ്ടിരുന്നത്. അതിന്റെ ഉള്ളിൽനിന്നുതന്നെ കിട്ടണമെന്നുള്ള പ്രശ്നമൊക്കെ ഇതിന് മുൻപും ഇവിടെ പറഞ്ഞിട്ടുള്ളതാണ്. ഇന്ന് ഒരു അന്വേഷണം നടത്തിയിട്ടുണ്ട്. ടാർ ഇംപോർട്ടുചെയ്യാൻ കഴിയുമോയെന്ന് ടാർ ഇംപോർട്ട് ചെയ്യാനുള്ള സാദ്ധ്യതകളുംകൂടി ആലോചിക്കുന്നതാണ്.

IV റിപ്പോർട്ട് സമർപ്പണം

(1) കാര്യോപദേശക സമിതിയുടെ മുപ്പത്തിരണ്ടാമത് റിപ്പോർട്ട്

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, കാര്യോപദേശക സമിതിയുടെ മുപ്പത്തിരണ്ടാമതു റിപ്പോർട്ട് മുഖ്യമന്ത്രിക്കു വേണ്ടി ഞാൻ സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly